# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 04-07-2009 മുതൽ 10-07-2009 വരെ)

## 4,00,000 രൂപയുടെ കുഴൽപ്പണവുമായി യുവാവ് അറസ്റ്റിൽ

10-7-2009 തീയതി വൈകിട്ട് 7 മണിയോടുകൂടി പേരാവൂർ പോലീസ് കൊമ്മേരി ഭാഗത്ത് വാഹന പരിശോധന നടത്തിവരവേ സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെട്ട ആൾട്ടോ കാറിനെ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ കാറിനുള്ളൽനിന്നും നാലുലക്ഷം രൂപയുടെ കുഴൽപ്പണം കണ്ടെടുത്തു. ഇതുമായി ബന്ധപ്പെട്ട് കാറിലുണ്ടായിരുന്ന ചെറുവാഞ്ചേരി ഹൗസിൽ നൗഷീറിനെ അറസ്റ്റുചെയ്തു.

(Cr. 83/09, KNR, Peravoor PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. K. V. Pramodan SI, PC 4980, DVR HC 5784

## സ്ഫോടകവസ്തുക്കൾ പിടിച്ചെടുത്തു

അനധികൃതമായി ആട്ടോറിക്ഷയിലും ലോറിയിലും കടത്തിക്കൊണ്ടുവന്ന 300 കിലോ അമോണിയം നൈട്രേറ്റ്, 12 കിലോ ഫ്യൂസ് വയർ, 300 ഡിറ്റനേറ്റർ എന്നിവ 8-7-2009-ന് രാവിലെ 8.30 മണിയോടുകൂടി കല്പ്പറ്റ ടൗണിൽനിന്നും കല്പ്പറ്റ പോലീസ് പിടികൂടുകയും ഇതുമായി ബന്ധപ്പെട്ട ലത്തീഫ്, നജീബ്, ബഷീർ, സിദ്ധിക്ക് എന്നിവരെ അറസ്റ്റുചെയ്യുകയും ചെയ്തു.

(Cr. 180/09, KSGD, Kalpetta PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. M. D. Sunil, SI, PCs 577, 1891, 1958, WPC 2072

## അന്തർ സംസ്ഥാന കവർച്ചാസംഘം അറസ്റ്റിൽ

കുപ്രസിദ്ധ അധോലോക നായകൻ ഛോട്ടാരാജന്റെ സംഘാംങ്ങളും നിരവധി കൊലപാതക കവർച്ചാ കേസുകളിലെ പ്രതികളുമായ കൊല്ലം സ്വദേശി സിറിൽ മാത്യു, ലത്തീഫ്, ആഷാദ്, രാജേഷ് എന്നിവരെ 9-7-2009 തീയതി പുലർച്ചെ 3 മണിയോടുകൂടി കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനുസമീപം നിന്നും കാഞ്ഞങ്ങാട് പോലീസ് അറസ്റ്റുചെയ്തു.

(Cr. 469/09, KSGD, Kanjangad PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. K. Asharaj CI, Shri. CHabu ASI, Shri Sabsastian ASI, PCs 1160, 1022

## നാടൻ തോക്ക് പിടികൂടി

പയ്യന്നൂർ പോലീസിനുലഭിച്ച രഹസ്യവിരത്തിന്റെ അടിസ്ഥാനത്തിൽ 10-7-2009 തീയതി ഉച്ചയക്ക് 2.30 മണിയോടുകൂടി ചെങ്ങളത്തുള്ള വടക്കേവീട്ടിൽ ബാലകൃഷ്ണന്റെ വക ഷെഡ് റെയ്ഡുചെയ്ത് ഒരു നാടൻതോക്കും, ഒരു നാടൻ തോക്കിന്റെ കുഴലും പയ്യന്നൂർ പോലീസ് പിടിച്ചെടുക്കുകയും ടിയാനെ അറസ്റ്റുചെയ്യുകയും ചെയ്തു.

(Cr. 337/09, KNR, Payyanur PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. K. Vinodkumar SI, PCs. 4456, 4806, 5106

## 700 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

11-7-2009 രാവിലെ 8 മണിയോടുകൂടി കസബ പോലീസ് ചന്ദ്രനഗർ ഭാഗത്ത് പട്രോൾ ഡ്യൂട്ടി നോക്കിവരവേ സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെട്ട ഒരു മാരുതിഎസ്റ്റീം കാറിനെ തടഞ്ഞുനിർത്തി വിശദമായി ചോദ്യം ചെയ്തതിലും പരിശോധിച്ചതിലും കാറിനുള്ളിൽനിന്ന് 700 ലിറ്റർ സ്പിരിറ്റ് കന്നാസുകളിൽ ഒളിപ്പിച്ചുവച്ചനിലയിൽ കണ്ടെടുത്തു. കാറിൽ ഉണ്ടായിരുന്ന രാഖിൽ, കിനുരാജ് എന്നിവരെ അറസ്റ്റുചെയ്തു.

(Cr. 243/09, PKD, Kasaba PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Chacko SI, HC 3777, PCs 4142, DVR PC 5080

## അഞ്ചംഗ ക്ഷേത്ര കവർച്ചാസംഘം പോലീസ് പിടിയിൽ

കൊല്ലം ജില്ലയിലുള്ള വിവിധ ക്ഷേത്രങ്ങൾ കുത്തിത്തുറന്ന് നിരവധി മോഷണം നടത്തിവന്ന വൻ മോഷണസംഘത്തിലെ അഞ്ചുപേരായ ദിവാകരൻ, അൻസാരി, അനുരാജ്, ഷാജഹാൻ, ദിലീപ് എന്നിവരെ 10-7-2009 പുലർച്ചെ 3.30 മണിയോടുകൂടി തട്ടാമല ഭാഗത്തുനിന്നും ഇരവിപുരം പോലീസ് അറസ്റ്റുചെയ്തു.

(Cr. 316/09, KLM, Eravipuram PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Firoze SI, GHC 3711

## യുവതിയെ ഗൾഫിൽ കൊണ്ടുപോയി പീഡിപ്പിച്ച കേസിലെ യുവാവ് അറസ്റ്റിൽ

ജോലി നൽകാമെന്നു വാഗ്ദാനം ചെയ്ത് യുവതിയെ ഗൾഫിൽ കൊണ്ടുപോയി പീഡിപ്പിച്ച കേസിലെ മുഖ്യ പ്രതിയായ ലത്തീഫിനെ 9-7-2009 തീയതി വൈകി 3.30 മണിയോടെ ശങ്കരംകുളത്തുനിന്നും കുന്നംകുളം പോലീസ് അറസ്റ്റുചെയ്തു.

(Cr. 391/09, TCR, Kunnakulam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. P.C. Haridasan CI, Shri. Subrahmanian ASI, PC 5361, DVR HC 226

## വൻ ചീട്ടുകളിസംഘം പിടിയിൽ

ഏറ്റുമാനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വെട്ടൂർ ബാറിന്റെ നാലാമത്തെ നിലയിൽ പണംവച്ച് ചീട്ടുകളിയിലേർപ്പെട്ടിരുന്ന എട്ടംഗ സംഘത്തെ 39,130/- രൂപയുമായി 5-7-2009 തീയതി വൈകിട്ട് 4.10 മണിയോടെ ഏറ്റുമാനൂർ പോലീസ് അറസ്റ്റുചെയ്തു.

(Cr. 328/09, KTM, Ettumanoor PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. K. R. Manoj SI, HCs 4913, 4981, PCs 5849, 5732, 6641, 6605